Kerala Homestay and Tourism Society
Reg. No. ER 99/08
*Registered under Travancore Cochin Charitable Societies Act.*

Kerala Hats
Kerala Homestay & Tourism Society

To
**ശ്രീ പിണറായി വിജയൻ**
ബഹു. സംസ്ഥാന മുഖ്യമന്ത്രി
തിരുവനന്തപുരം

**വിഷയം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് എടുക്കുന്ന വീടുകൾ കൊമേഴ്സ്യൽ ബിൽഡിങ്ങുകളായി മാറ്റാതിരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**

സർ,

കേരളത്തിൽ സന്ദർശനം നടത്തുന്ന ബഹുഭൂരിപക്ഷം വിദേശ സ്വദേശ ടൂറിസ്റ്റു കളും താമസിക്കാനാഗ്രഹിക്കുന്നത് നമ്മുടെ വീടുകളിലെ ഹോംസ്റ്റേകളിലാണ്.

ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാക്ക ണമെങ്കിൽ തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ നിന്നും വീട്ടുടമ നോ ഒബ്ജക്ഷൻ (എൻഒസി) സർട്ടിഫിക്കറ്റും, ഓണർ സർട്ടഫിക്കറ്റും, കരമടച്ച രസീതും തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും വാങ്ങി ടൂറിസം വകുപ്പിന് നൽകണം.

ഈ സർട്ടിഫിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കണ മെങ്കിൽ വീട്ടുടമ തന്റെ വീടു കൊമേഴ്സ്യൽ സ്ഥാപനമാക്കാൻ പുതിയ പ്ലാൻ വരച്ചു നൽകണം. തുടർന്നും തന്റെ വീട് കൊമേഴ്സ്യൽ സ്ഥാപനമാക്കിയതിനുശേഷമാണ് മേൽ സർട്ടിഫിക്കറ്റുകൾ നൽകുകയുള്ളു. (വിവരാവകാശ മറുപടി വെയ്ക്കുന്നു)

കൂടാതെ സ്ക്വയർ മീറ്ററിനു 60 രൂപ വീതം വീട്ടുടമ തദ്ദേശസ്വയം ഭരണ സ്ഥാപന ത്തിൽ സർട്ടിഫിക്കറ്റു ലഭിക്കുന്നതിന് മുൻപായി കെട്ടിവയ്ക്കണം.

അതോടുകൂടി വീട്ടുടമയ്ക്ക് അന്നുവരെ സർക്കാർ വീട് എന്ന നിലയിൽ നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകും, വാട്ടർ അതോറിട്ടി വെള്ളക്കരം കൊമേഴ്സ്യൽ താരിഫിൽ അടക്കേണ്ടി വരും, പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നും രജിസ്ട്രേഷൻ എടുക്കണം, ലേബർ വകുപ്പിൽ തന്റെ വീട് തൊഴിൽ സ്ഥാപനമായി രജിസ്റ്റർ ചെയ്യണം. കൂടാതെ സംസ്ഥാനത്ത് കൊമേഴ്സ്യൽ സ്ഥാപനം ഏതെല്ലാം രീതിയുള്ള ടാക്സുകൾ ചുമത്തുന്നുവോ അതൊക്കെ വീട്ടുടമ നൽകേണ്ടിവരും.

......2..

Chairman - **P.N. Prasannakumar**. Mob : 9495527022 (Member Kerala Khadi and Village Industries) Vice Chairman - **T.B. Jagadeesh Kumar** Mob : 9846044211
Director - **M.P. Sivadathan** (Former Panchayath President, Kumbalangi) Mob : 93492 53124, 9496693124 E-mail : sivadattan@gmail.com
Technical Expert - **Dr. K. Muraleedhara Menon** (Former Director, Hydel Tourism, Govt. of Kerala) Mob : 93878 12067
Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala, E-mail : keralahats@gmail.com
**www.homestaykerala.org**

സർ,

കേരളത്തിൽ നിലവിൽ 6000 (ആറായിരം) നുമേൽ ഹോംസ്റ്റേകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് എടുത്ത് പ്രവർത്തിക്കുന്നവ 700ൽ താഴെ മാത്രമാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും എൻഒസി വാങ്ങാൻ നിശ്ചയിക്കുന്ന തുക കെട്ടിവെയ്ക്കാൻ ഹോംസ്റ്റേ സംരംഭകർ തയ്യാറാണ്. ഹോംസ്റ്റേ ഒരു കുടുംബ ബിസിനസ്സും, സീസണൽ ബിസ്സിനസ്സുമാണ്. 4 മാസത്തിൽ കൂടുതൽ സീസൺ ലഭിക്കാറില്ല.

ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ താൽപര്യപൂർവ്വം ഇടപെടണമെന്നും, ഹോംസ്റ്റേകളെ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ ആക്കി മാറ്റുന്ന നിയമം ഭേദഗതി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകണമെന്നും, കേരളത്തിന്റെ കൾച്ചറൽ എക്സ്ചേഞ്ചിങ്ങ് സെന്ററുകൾ കൂടിയായ ഈ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് വീട്ടുടമകളെ സഹായിക്കുന്ന രീതിയിലുള്ള അനുകൂല നടപടി സ്വീകരിക്കണമെന്നു വളരെ വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്,

12/12/019


**M. P. Sivadathan**
Director Kerala Homestay & Tourism Society
(Kerala Hats) & State Tourism Advisory
Committee Member
E-mail: sivadattan@gmail.com
keralahats@gmail.com
Mob: 93492 53124